എസ്റ്റേറ്റുകൾ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നത്

157 (1190) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള ഹാരിസൺ വില്പന നടത്തിയ എത്ര എസ്റ്റേറ്റുകൾ സർക്കാർ ഏറ്റെടുക്കും ; ഇവ ഏതൊക്കെയാണ് ; എവിടെയുള്ളഭൂമി ; എത്ര ഏക്കർ വീതം ; ആർക്ക് വില്പന നടത്തിയ സ്ഥലങ്ങളാണ് ഏറ്റെടുക്കുന്നതെന്നും വിശദമാക്കാമോ ;

(ബി) ഇങ്ങനെ ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഉടമകൾ കോടതിയിൽ കേസ് നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിവാക്കുമോ ;

(സി) പ്രസ്തുത തോട്ടങ്ങളിൽ പണി എടുത്തിരുന്ന തൊഴിലാളികളെ സംരക്ഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് വിശദീകരിക്കുമോ ;

(ഡി) ഈ ഏറ്റെടുക്കുന്ന ഭൂമി എങ്ങനെ സംരക്ഷിക്കാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ നാല് ജില്ലകളിൽ M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശംവയ്ക്കുന്ന ഭൂമി, പ്രസ്തുത കമ്പനി അനധികൃതമായി വിൽപ്പന നടത്തിയ ഭൂമി എന്നിവയിൽ നാളിതുവരെ കേരള ഭൂസംരക്ഷണ നിയമപ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള കേസുകളും തീയതിയും ഭൂമിയുടെ വിസ്തീർണ്ണവും അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭൂമി ഏറ്റെടുക്കുന്നതിനെതിരെ കമ്പനികൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജികൾ ചുവടെ ചേർക്കുന്നു :

M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ്	WP(c)33122/2014
M/s. ബോയിസ് റബ്ബർ എസ്റ്റേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി	WP(c)11598/2015
M/s. ട്രാവൻകൂർ റബ്ബർ & റ്റീ കമ്പനി	WP(c)10962/2015
M/s. ഗോസ്പൽ ഫോർ എഷ്യ	WP(c)10640/2015
M/s. റിയാ റിസോർട്ട് & പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ്	WP(c)10320/2015

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മേൽ റിട്ട് ഹർജികളിൽ M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് ഫയൽ ചെയ്ത WP(c)33122/2014 പ്രകാരം പ്രസ്തുത ഭൂമിയിൽ കേരള ലാന്റ് കൺസർവൻസി ആക്ട് പ്രകാരമുള്ള നടപടികൾ ബാധകമാക്കാൻ സർക്കാരിന് അധികാരമുണ്ടോ എന്ന വിഷയം മാത്രം ബഹു. ഹൈക്കോടതി പരിശോധിച്ചുവരുന്നു. മറ്റ് നാല് റിട്ട് ഹർജികളും ടി കേസ്സിനൊപ്പം കേൾക്കാൻ ബഹു. ഹൈക്കോടതി തീരുമാനിച്ചിട്ടുള്ളതിനാൽ അന്തിമ ഉത്തരവ് പ്രകാരം ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്ന നടപടികൾ മാത്രം നിർത്തിവയ്ക്കാനും എന്നാൽ അന്തിമ ഉത്തരവിന്റെ തൽസ്ഥിതി തുടരുന്നതിനും ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(സി&ഡി) ബഹു. ഹൈക്കോടതിയുടെ ഇടക്കാല വിധിന്യായത്തിലെ നിർദ്ദേശമനുസരിച്ച് കേരള ലാന്റ് കൺസർവൻസി നിയമപ്രകാരം ഉത്തരവായ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ നിർത്തിവച്ചിട്ടുണ്ട്. സർക്കാരിലേയ്ക്ക് ടി ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി സംരക്ഷിക്കുന്നത് സംബന്ധിച്ചും തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ചും യുക്തമായ തീരുമാനമെടുക്കുന്നതാണ്.

ഭൂരഹിതരില്ലാത്ത ജില്ല

158 (1191) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെങ്കിലും ജില്ലയെ ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ; ഇതിന് അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങൾ എന്താണെന്ന് അറിയിക്കുമോ ;

(ബി) ഇതിനായി സംസ്ഥാനാടിസ്ഥാനത്തിൽ സർവ്വെ നടത്തിയിരുന്നോ ; എങ്കിൽ ജില്ലാടിസ്ഥാനത്തിലുള്ള ഭൂരഹിതരുടെ കണക്ക് ലഭ്യമാക്കാമോ ;

(സി) ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിച്ച ജില്ലയിൽ നിന്നും ഭൂരഹിത കേരളം പദ്ധതിപ്രകാരം ഭൂമി ലഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയാണ് ; ഇവർക്കെല്ലാം ഭൂമി ലഭിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ അർഹരായി കണ്ടെത്തിയ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി അനുവദിച്ചുകൊണ്ട് പ്രസ്തുത ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലകളായി

LIBRARY ARCHIVES Kerala Legislative Assembly